LIBRARY ARCHIVES Kerala Legislative Assembly

എടരിക്കോട് സ്പിന്നിംഗ് മിൽ നവീകരണ പ്രവൃത്തികൾ

178 (2208) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടരിക്കാട് സ്പിന്നിംഗ് മിൽ നവീകരണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇപ്പോൾ എത്ര സ്പിന്റലുകൾ പ്രവർത്തനക്ഷമമായുണ്ട് ; നവീകരണത്തോടുകൂടി പുതിയ എത്ര സ്പിന്റലുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്പിന്നിംഗ് മിൽ വീവിംഗ് സമ്പ്രദായത്തോടു കൂടിയുള്ള ഒരു യഥാർത്ഥ ടെക്സ്റ്റൈൽ മില്ലായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) എടരിക്കോട് സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ ഏകദേശം പൂർത്തിയാകാറായി. കോയമ്പത്തൂരുള്ള ലക്ഷ്മി മെഷീൻ വർക്ക്സിന്റെ കോമ്പർ മെഷിനറികൂടി സ്ഥാപിക്കാനുണ്ട്.

(ബി) ഇപ്പോൾ 24,960 സ്പിന്റിലുകൾ പ്രവർത്തനക്ഷമമായുണ്ട്. നവീകരണത്തിന്റെ ഭാഗമായി സ്പിന്റിൽ കപ്പാസിറ്റി കൂട്ടാൻ ഉദ്ദേശിക്കുന്നില്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങളുടെ വിശദാംശം

179 (2209) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ നിന്നും 2011 ജനുവരി 31 വരെ റിട്ടയർ ചെയ്ത എത്ര പേർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകുവാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന് എത്ര തുക വേണമെന്നും, ഇത് നൽകുവാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 104 പേർക്ക് ഇനിയും ഗ്രാറ്റുവിറ്റി നൽകുവാനുണ്ട്. കണ്ണൂർ സഹകരണ സ്പിന്നിംഗ്മിൽ പൊതുമേഖലാ സ്ഥാപനമല്ല.

(ബി) മേൽവിവരിച്ച 104 പേർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 1,05,67,096 രൂപ ആവശ്യമുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

ശ്രീമതി പി. വി. ജാനകിയുടെ സ്ഥലംമാറ്റം

180 (2210) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാന്റ്ക്സിന്റെ കൊയിലാണ്ടി ശാഖയിലെ ജീവനക്കാരിയായ ശ്രീമതി പി. വി. ജാനകിയിൽ നിന്നും സ്ഥലംമാറ്റത്തിനു വേണ്ടി നിവേദനം ലഭിച്ചിരുന്നോ എന്നും, ഈ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) റിട്ടയർ ചെയ്യാൻ ഒന്നരവർഷം മാത്രം ബാക്കിയുള്ള വിധവയായ ഇവർക്ക് സ്ഥലംമാറ്റം നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു. ശ്രീമതി പി. വി. ജാനകി 2005 മുതൽ കൊയിലാണ്ടി ഡിപ്പോയുടെ ചാർജ്ജ് ഏറ്റെടുത്ത് പ്രവർത്തിച്ച് വരികയാണെന്നും ഇതിനുമുമ്പ് കൊയിലാണ്ടിയിൽ ജോലി ചെയ്യാൻ ഏതെങ്കിലും തരത്തിലുള്ള അസൗകര്യം അറിയിക്കുകയുണ്ടായിട്ടില്ലെന്നും സൂചിപ്പിച്ചിരുന്നു. ആശ്രിതനിയമന പ്രകാരം 5-8-2010-ന് ശ്രീമതി സി. കെ. ഗീത എന്നയാളെ കൊയിലാണ്ടി ഡിപ്പോയുടെ ചുമതലയുള്ള സെയിൽസ് വുമണായി നിയമിക്കുകയുണ്ടായി. ശ്രീമതി സി. കെ. ഗീത അസുഖംമൂലം ലീവായതിനാൽ നാളിതുവരെ ശ്രീമതി പി. വി. ജാനകി ചാർജ്ജ് കൈമാറിയിട്ടില്ല. ഡിപ്പോയുടെ ചാർജ്ജ് കൈമാറിയശേഷമേ ശ്രീമതി ജാനകിയുടെ സ്ഥലംമാറ്റം പരിഗണിക്കാൻ കഴിയുകയുള്ളു.

(ബി) ശ്രീമതി പി. വി. ജാനകി സ്ഥലംമാറ്റം ആവശ്യപ്പെട്ടിരിക്കുന്നത് വടകര ഡിപ്പോയിലേക്കാണ്. പ്രസ്തുത ഡിപ്പോ ഇപ്പോൾ എൽ.ജി.ഇ. ആയ ശ്രീ. ബാബുരാജിന്റെ ചുമതലയിലാണ്. ഹാന്റ്ക്സിൽ ജീവനക്കാരുടെ ലഭ്യത

LIBRARY ARCHIVES Kerala Legislative Assembly